(ഡി) കണ്ണൂർ ജില്ലയിലെ മാടായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള കുഞ്ഞിമംഗലം ഗവ. എൽ. പി. സ്കൂളിലെ എം. ജിജി എന്ന കുട്ടിയുടെ സ്കോളർഷിപ്പ് തുക 12-1-2005-ൽ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) അലോട്ട്മെന്റ് ഇപ്പോൾ അതത് വർഷം തന്നെ നൽകുന്നുണ്ട്.

(എഫ്) പരിശോധിക്കുന്നതാണ്.

സ്കൂൾ യുവജനോൽസവ വേദിയിൽ നിലവിളക്ക് നിരോധനം

78 [2968] ശ്രീ. വർക്കല കഹാർ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ യുവജനോത്സവ വേദിയിൽ തീയും ആയുധങ്ങളും നിരോധിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ നിലവിളക്ക് കത്തിച്ചുവച്ച് തിരുവാതിര, കഥകളി മുതലായ പരിപാടികൾ അവതരിപ്പിക്കുന്നത് തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്;

(സി) നിലവിളക്കിന്റെ തീയിൽ നിന്ന് യുവജനോത്സവത്തിൽ അപകടമുണ്ടായിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉണ്ടായിട്ടില്ല.

അദ്ധ്യാപകർക്ക് പരിസ്ഥിതി പഠനത്തിൽ പരിശീലനം

79 [2969] ശ്രീ. വി. ഡി. സതീശൻ :
,, ജി. പ്രതാപവർമ്മ തമ്പാൻ :
,, വർക്കല കഹാർ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-04 വിദ്യാലയ വർഷത്തിൽ അദ്ധ്യാപകർക്ക് പരിസ്ഥിതി പഠനത്തിൽ പരിശീലനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് പരിശീലനം നൽകി; എത്ര ദിവസത്തെ പരിശീലനം നൽകി;

(സി) ഈ പരിശീലനം നൽകിയതാരാണ്;

(ഡി) എന്തെല്ലാം വിഷയങ്ങളിലാണ് പരിശീലനം നൽകിയത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. Indian Environmental Society (IES) യുടേയും Ministry of Environment & Forests-ന്റെയും സാമ്പത്തിക സഹായത്തോടെ Globe Protocol training നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ തുടർന്നുള്ള വർഷങ്ങളിൽ സ്ക്കൂളുകളിൽ സംഘടിപ്പിക്കാനുദ്ദേശിച്ച വിപുലമായ പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ മുന്നോടിയായായാണ് ഈ പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്.

(ബി) തിരുവനന്തപുരം, കോട്ടയം ജില്ലകളിലെ 50 അദ്ധ്യാപകർക്കും മലപ്പുറം, കണ്ണൂർ ജില്ലകളിലെ 50 അദ്ധ്യാപകർക്കും 4 ദിവസത്തെ പരിശീലനമാണ് നൽകിയത്.

(സി) ഡൽഹിയിലെ IES-ലെ Resource team ആണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

(ഡി) പരിസ്ഥിതി വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയുള്ളതായിരുന്നു പരിശീലനം. നമ്മുടെ പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിൽ മണ്ണ്, ജലം, വെളിച്ചം, വായു എന്നീ ഘടകങ്ങൾക്കുള്ള സ്വാധീനം പരിശീലനത്തിലെ മുഖ്യ വിഷയങ്ങളായിരുന്നു.

നാഷണലുകളിൽ പങ്കെടുത്ത് വിജയിക്കുന്നവരുടെ ഗ്രേസ് മാർക്കിന്റെ ശതമാനം കൂട്ടാൻ നടപടി

80 [2970] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി.-ക്കും പ്ലസ് ടു-വിനും പരീക്ഷ എഴുതുന്ന സ്കൂൾ നാഷണൽ, മറ്റ് നാഷണലുകൾ മുതലായവകളിൽ പങ്കെടുക്കുകയും വിജയിക്കുയും ചെയ്യുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് കൊടുക്കുന്നതിന്റെ ശതമാനം കൂട്ടാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly